# അടൽ ടിങ്കറിങ് ലാബ്: കേരളത്തിൽനിന്ന് 18 സ്കൂളുകൾ

ജോർഡി മലയിൽ

## ഓരോ സ്കൂളിനും 20 ലക്ഷം രൂപ

ന്യൂഡൽഹി: 'അടൽ ഇന്നോവേഷൻ' പദ്ധതിയുടെ ഭാഗമായി 'അടൽ ടിങ്കറിങ് ലാബ്' സ്ഥാപിക്കാൻ കേരളത്തിലെ 18 സ്കൂളുകൾ ഉൾപ്പെടെ 257 സ്കൂളുകളെ തിരഞ്ഞെടുത്തു. പത്തുലക്ഷം ശാസ്ത്രസാങ്കേതിക പ്രതിഭകളെ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ലാബ് സ്ഥാപിക്കാൻ ഓരോ സ്കൂളിനും 20 ലക്ഷം രൂപ ലഭിക്കും. അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ പത്തുലക്ഷം രൂപയും തുടർച്ചെലവുകൾക്കായി അഞ്ച് വർഷത്തേക്ക് പത്തുലക്ഷം രൂപയുമാണ് ലഭിക്കുക.

എറണാകുളം ജില്ലയിൽനിന്ന് നാലും തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽനിന്ന് മൂന്നുവീതവും പാലക്കാട് ജില്ലയിൽനിന്ന് രണ്ടും വയനാട്, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി, കോട്ടയം, കൊല്ലം ജില്ലകളിൽനിന്ന് ഒന്നുവീതവും സ്കൂളുകളാണ് തിരഞ്ഞെടുക്കപ്പെട്ടത്.

500 ചതുരശ്രയടി വിസ്തീർണമുള്ള മുറിയാണ് ലാബിനായി നീക്കിവെക്കേണ്ടത്. സ്വയം പ്രവർത്തിപ്പിച്ച് പഠിക്കാവുന്ന ഉപകരണങ്ങളടങ്ങിയ കിറ്റുകൾ, ത്രീഡി പ്രിന്റർ, റോബോട്ട് കിറ്റ് തുടങ്ങിയവ വാങ്ങാൻ പത്തുലക്ഷം രൂപ അനുവദിക്കും. ഫണ്ട് ലഭിച്ച് ആറുമാസത്തിനകം ലാബ് സ്ഥാപിക്കണം.

ലാബുകളിലേക്കാവശ്യമായ അധ്യാപകരെ നിയമിക്കേണ്ടത് അതത് സ്കൂളുകളാണ്. ഓരോ വിഷയത്തിലും വിദഗ്ധരായ വ്യക്തികളുടെ സേവനം ഓൺലൈനായോ നേരിട്ടോ ലഭ്യമാക്കണം. കുട്ടികളുമായി അറിവ് പങ്കുവെക്കുന്നതിനായി വ്യവസായമേഖല, അക്കാദമിക്-ഗവേഷണ മേഖല, പൊതുസമൂഹം എന്നിവയുമായി ബന്ധിപ്പിക്കുന്ന ആശയവിനിമയ ശൃംഖല സ്ഥാപിക്കണമെന്നും മാർഗരേഖയിൽ പറയുന്നു.

13,005 സ്കൂളുകളാണ് ലാബ് സ്ഥാപിക്കാൻ അപേക്ഷിച്ചത്.

## കേരളത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ

1. അമൃത വിദ്യാലയം, മാക്കൂട്ടം തലശ്ശേരി കണ്ണൂർ, 2. ജവഹർ നവോദയ വിദ്യാലയ, ചെണ്ടയാട് കണ്ണൂർ, 3. കേന്ദ്രിയ വിദ്യാലയ, പയ്യന്നൂർ കണ്ണൂർ, 4. ഭവൻസ് വിദ്യാമന്ദിർ, കടവന്ത്ര എറണാകുളം, 5. കേന്ദ്രിയ വിദ്യാലയ, എൻ.എ.ഡി. ആലുവ എറണാകുളം, 6. സെന്റ് പീറ്റേഴ്സ് സീനിയർ സെക്കൻഡറി, കടയിരുപ്പ് , 7. ദ ചോയ്സ് സ്കൂൾ, തൃപ്പൂണിത്തുറ എറണാകുളം, 8. കേന്ദ്രിയ വിദ്യാലയ നമ്പർ വൺ, പാലക്കാട്

9. കേന്ദ്രിയ വിദ്യാലയ, ഒറ്റപ്പാലം പാലക്കാട്, 10. കേന്ദ്രിയ വിദ്യാലയ, പട്ടം തിരുവനന്തപുരം, 11. സർവോദയ സെൻട്രൽ വിദ്യാലയ, നാലാഞ്ചിറ, 12. വിശ്വദീപ്തി ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചാരുപാറ, 13. ജി.എച്ച്.എസ്.എസ്., മൂലങ്കാവ് സുൽത്താൻബത്തേരി, 14. ഗുരുകുലം പബ്ലിക് സ്കൂൾ, പറളം തൃശ്ശൂർ, 15. റാണി പബ്ലിക് സ്കൂൾ, ചേറോട് കോഴിക്കോട്, 16. സെന്റ് തോമസ് ഇ.എം.എച്ച്.എസ്.എസ്., അട്ടപ്പള്ളം കുമളി, 17. സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ, ആനക്കല്ല്, 18. ടി.കെ.എം. സെന്റിനറി പബ്ലിക് സ്കൂൾ, കരിക്കോട് കൊല്ലം

Mathrubhumi e-paper KOCHI
Fri, 02 December 2016
digitalpaper.mathrubhumi.com/c/15054875